# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 622 **30.06.2016 - ൽ** മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. മാത്യു ടി. തോമസ്**<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ബാവിക്കര കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ; | (എ) | നിലവിൽ ഈ പദ്ധതിയുടെ പ്രവർത്തികൾ നിർത്തി വച്ചിരിക്കുകയാണ്. |
| (ബി) | ഈ പ്രവൃത്തി എന്നാണ് തുടങ്ങിയതെന്നും ഉപേക്ഷിച്ചു പോയ കരാറുകാർ, ചെലവാക്കിയ തുക എന്നിവയുടെ വിശദാംശങ്ങളും അറിയിക്കാമോ ; | (ബി) | ഈ പദ്ധതിയുടെ പ്രവർത്തികൾ ആരംഭിച്ചത് 2005-ൽ ആണ്. പ്രവർത്തിയുടെ ആദ്യ കരാറുകാരനായ ശ്രീ.എം.എം.എ.ഹാരീസിന് 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരനായ ശ്രീ.കെ.മൊയ്തീൻ കുട്ടി ഹാജിക്ക് 164.83 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |
| (സി) | പണി ഉപേക്ഷിച്ചുപോയ കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | (സി) | ഇല്ല. ആദ്യ കരാറുകാരൻ അധിക നിരക്ക് ആവശ്യപ്പെടുകയും ഗവൺമെന്റ് അത് അംഗീകരിക്കാതെ വരികയും ഗവൺമെന്റ് തീരുമാനം അനുസരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വമില്ലാതെ കരാർ റദ്ദാക്കുകയും ചെയ്തു. ബാക്കി പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പണി തുടർന്നു വന്നപ്പോൾ സൈറ്റ് കണ്ടീഷനിൽ വന്ന ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടതായും എസ്റ്റിമേറ്റ് പുതുക്കേണ്ടതായും വന്നു. പുതുക്കിയ എസ്റ്റിമേറ്റിൽ ഒറിജിനൽ എഗ്രിമെന്റ് |

ഷെഡ്യൂളിൽ ഇല്ലാത്ത ഇനങ്ങൾക്ക് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് ഇനങ്ങളും റേറ്റും സ്വീകരിക്കേണ്ടതാണ്. രണ്ടാമത്തെ കരാറുകാരൻ ഇവ സ്വീകരിക്കാത്തതിനാൽ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കേണ്ടി വന്നു. പ്രവൃത്തി സൈറ്റിൽ വന്ന സാങ്കേതിക പ്രശ്നങ്ങൾ കരാറുകാരുടെ ഉത്തരവാദിത്വത്തിനു പുറത്തായതിനാൽ അവർക്കെതിരെ നടപടികൾ സ്വീകരിച്ചില്ല.

(ഡി) പ്രസ്തുത പ്രവൃത്തി റീടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ ഉപേക്ഷിക്കുന്ന നടപടി ഒഴിവാക്കാനായി ഡിവൈൻ ടെണ്ടർ സ്വീകരിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള ഏജൻസിയെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ഡി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ